Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നടപടി ക്രമങ്ങൾ ലളിതമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ (എം.എസ്) നം. 211/2012/ തസ്വഭവ. തിരുവനന്തപുരം, തീയതി 04/08/2012

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**പരാമർശം : 04/06/2012-ലെ ജി.ഒ.(എം.എസ്) നം.149/2012/തസ്വഭവ.**

**ഉത്തരവ്**

കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ അനുവദിച്ചു നൽകുന്നില്ല എന്ന സാഹചര്യം നിലവിലുണ്ടെന്നും ആയതിനാൽ റേഷൻ കാർഡ്, വൈദ്യുതികണക്ഷൻ, കുടിവെള്ളകണക്ഷൻ, വോട്ടർ പട്ടികയിൽ പേരു ചേർക്കൽ എന്നീ സേവനങ്ങൾ ലഭിക്കുന്നതിൽ പ്രയാസം നേരിടുന്നുണ്ടെന്ന് മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അനവധി നിവേദനങ്ങളിൽ നിന്നും സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 100ച.മീ വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് നിയമം 235 (എഎ), 235(ഡബ്ല്യു), കേരള മുൻസിപ്പാലിറ്റി ആക്ട് 242, 406 എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി "താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്" നൽകുവാൻ അതാത് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകികൊണ്ട് പരാമർശപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇപ്രകാരം നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ,കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നീ സേവനങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു.

ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിൽ വീടുകൾകെട്ടി താമസിക്കുന്നവരും റേഷൻകാർഡ്,വൈദ്യുതി കണക്ഷൻ, കുടിവെള്ളകണക്ഷൻ, വോട്ടർ പട്ടികയിൽ പേരു ചേർക്കൽ എന്നീ സേവനങ്ങൾ ലഭിക്കാത്തിനാൽ പല ദുരിതങ്ങളും അനുഭവിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഉടമസ്ഥാവകാശം ഇല്ലാതെയും, താമസിക്കുന്ന കെട്ടിടം അധികൃതമാണോ/അനധികൃതമാണോ എന്ന് പരിശോധിക്കാതെയും, 100ച.മീറ്റർവരെയുള്ള വീടുകളിൽ താമസിക്കുന്ന വർക്ക് കൂടി പരാമർശത്തിലെ സർക്കാർ ഉത്തരവിലെ ആനുകൂല്യങ്ങളെല്ലാം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു. ഇപ്രകാരം നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ കൈവശാവകാശത്തിൻമേലോ ഉടമസ്ഥാവകാശത്തിൻമേലോ യാതൊരുവിധ അവകാശങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല. അത്തരം കാര്യങ്ങൾ നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായി മാത്രമായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ജയകുമാർ
ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
} ഈ ഉത്തരവിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
സീനിയർ ടൗൺ പ്ലാനർ(വിജിലൻസ്), തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
(കൊല്ലം,കൊച്ചി,കോഴിക്കോട്).
എല്ലാകോർപ്പറേഷൻസെക്രട്ടറിമാർക്കും (തിരുവനന്തപുരം,കൊല്ലം, കൊച്ചി, തൃശൂർ,കോഴിക്കോട്.).
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും.

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, പ്രതീക്ഷാ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയുംമറ്റ്സർക്കാർവെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പൊതു ഭരണ (എസ്.സി) വകുപ്പ്.
പബ്ലിക് റിലേഷൻസ് ഡയറക്ടർ. (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്).

റവന്യൂ വകുപ്പ്
ഊർജ്ജ വകുപ്പ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ്,
ജലവിഭവ വകുപ്പ്

} ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് - സെക്രട്ടറിക്ക്,
നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ